## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.572** **03.03.2020 ൽ മറുപടിയ്ക്ക്**

## പൈവളിഗെ ഗ്രാമപഞ്ചായത്തിൽ സോളാർ പാനൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എം. സി. കമറുദ്ദീൻ** | | **ശ്രീ. എം. എം. മണി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ പൈവളിഗെ ഗ്രാമപഞ്ചായത്തിൽ 200 ഏക്കറോളം സർക്കാർ ഭൂമി സോളാർ പാനൽ നടപ്പിലാക്കുന്നതിനായി നൽകിയത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പൈവളിഗെ ഗ്രാമപഞ്ചായത്തിൽ 50 മെഗാവാട്ട് സോളാർ പദ്ധതി നടപ്പിലാക്കുന്നതിനായി 250 ഏക്കർ ഗവൺമെന്റ് അധീനതയിലുള്ള തരിശുഭൂമി G.O.(MS) No.464/2018/RD dated 11.02.2018 പ്രകാരം കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് പാട്ടത്തിന് നൽകിയിട്ടുണ്ട്. ഈ ഭൂമി കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് ഉപപാട്ടത്തിന് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് പങ്കാളിത്തമുള്ള റിന്യൂവബിൾ പവർ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (RPCKL) - ന് പ്രസ്തുത സോളാർ പാർക്ക് സ്ഥാപിച്ച് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് നൽകുന്നതിലേയ്ക്കായി 01.02.2019 ലെ കരാർ പ്രകാരം നൽകിയിട്ടുണ്ട്. |
| (ബി) | സോളാർ പാനൽ സ്ഥാപിക്കുന്നത് ഏത് കമ്പനിയാണെന്നും സർക്കാരും പ്രസ്തുത കമ്പനിയും തമ്മിലുള്ള കരാറിന്റെ വിശദാംശങ്ങളും വ്യക്തമാക്കാമോ; | (ബി) | Tehri Hydro Development Corporation of India Limited (THDCIL) എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനമാണ് MoU വഴി പദ്ധതി നടപ്പിലാക്കുന്നത്. സർക്കാരിനു വേണ്ടി കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് പ്രസ്തുത സ്ഥാപനവുമായി യൂണിറ്റിന് രൂപ **3.10** നിരക്കിൽ വൈദ്യുതി വാങ്ങാനുള്ള കരാർ 16.01.2019 ന് ഒപ്പുവച്ചിട്ടുണ്ട്. |
| (സി) | സോളാർപാനൽ പൂർത്തിയാകുന്നതോടെ വൈദ്യുതി ബോർഡിന് ലഭിക്കുന്ന ഗുണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതു വഴി ദിനംപ്രതി **2.75** ലക്ഷം യൂണിറ്റ് വൈദ്യുതി പുനരുപയോഗ സ്രോതസ്സിൽ നിന്നും ഉത്പാദിപ്പിക്കുവാനും പ്രസരണ നഷ്ടം കുറയ്ക്കാനുമാകും. കൂടാതെ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് നിയമപ്രകാരം ആവശ്യമായ Renewable Power Obligation (RPO) നിറവേറ്റാനും Central Financial Assistance (CFA) വഴി 8 ലക്ഷം രൂപ/മെഗാവാട്ട് എന്ന തോതിൽ ഗ്രാന്റ് ലഭ്യമാക്കാനും സാധിക്കും. കൂടാതെ മറ്റു ജനറേഷൻ സ്റ്റേഷനുകൾ ഒന്നുമില്ലാത്ത വടക്കൻ |

| | | | |
|---|---|---|---|
| | | | ജില്ലകളായ കാസർഗോഡ്, കണ്ണൂർ മേഖലകളിൽ കുറഞ്ഞ ചിലവിൽ കൂടുതൽ വൈദ്യുത ലഭ്യത ഉറപ്പാക്കാനും ഗുണമേന്മയുള്ള വൈദ്യുതി നൽകുവാനും പ്രസ്തുത പദ്ധതി ഉപകരിക്കും. ഇപ്പോൾ കർണ്ണാടകയിൽ നിന്നും ഈ മേഖലയിൽ ലഭിച്ചു വരുന്ന വൈദ്യുതിയ്ക്ക് തടസ്സമുണ്ടായാലും ഇത്തരം സ്രോതസ്സ് വരുന്നതിനാൽ പകൽ സമയങ്ങളിൽ വൈദ്യുതിക്ക് തടസ്സമുണ്ടാകില്ല. |

**സെക്ഷൻ ഓഫീസർ**